# മെഡിക്കൽ പ്രവേശന പരീക്ഷ: കട്ടപ്പന സ്വദേശി ലിന്റയ്ക്ക് ഒന്നാം റാങ്ക്

## രണ്ടാം റാങ്ക് ആതിര ബി മേനോന്; മൂന്നാം റാങ്ക് ഹരികൃഷ്ണന്

തിരുവനന്തപുരം ● അഖിലേന്ത്യാ മെഡിക്കൽ പ്രവേശന പരീക്ഷയിൽ ഇടുക്കി കട്ടപ്പന വള്ളക്കടവ് മുതുപ്ലാക്കൽ ലിന്റ തോമസിനു സംസ്ഥാനതലത്തിൽ ഒന്നാം റാങ്ക്. ദേശീയതലത്തിൽ ഏഴാം റാങ്കുമുണ്ട് ലിന്റയ്ക്ക്.

കർഷക ദമ്പതികളായ മുതുപ്ലാക്കൽ ജോയി തോമസിന്റെയും മേഴ്സിയുടെയും മകളാണ്. കാഞ്ഞിരപ്പള്ളി ആനക്കല്ല് സെന്റ് ആന്റണീസ് സ്കൂൾ വിദ്യാർഥിനിയായിരുന്ന ലിന്റയ്ക്കു പ്ലസ്ടുവിനു 97% മാർക്കുണ്ടായിരുന്നു. പാലാ ബ്രില്യന്റ് കോളജിലായിരുന്നു എൻട്രൻസ് പരിശീലനം. കൊടുങ്ങല്ലൂർ മേത്തല കടുക്കച്ചുവട് ആതിര ബി. മേനോനാണു രണ്ടാം റാങ്ക്. വല്ലത്ത് കോഴിപ്പിള്ളി ബാലചന്ദ്രന്റെയും ഉഷാദേവിയുടെയും മകളാണ്. കോഴിക്കോട് ചൂലൂർ പുളിയശ്ശേരി ഇല്ലത്ത് ഹരികൃഷ്ണനാണു മൂന്നാം റാങ്ക്. കർഷകനായ കൃഷ്ണൻ നമ്പൂതിരിയുടെയും സുശീലയുടെയും മകനാണ്.



ലിന്റ തോമസ്





ആതിര ബി. മേനോൻ, ഹരികൃഷ്ണൻ

# ലിന്റ ഇനി കോട്ടയം മെഡിക്കൽ കോളജിന്റെ താരോദയം

***മെഡിക്കൽ പ്രവേശന പരീക്ഷയിൽ സംസ്ഥാന തലത്തിൽ ഒന്നാം റാങ്ക് നേടിയ കട്ടപ്പന വള്ളക്കടവ് മുതുപ്ലാക്കൽ ലിന്റ തോമസിന്റെ പഠനരീതികളെക്കുറിച്ച്***

**സ്വന്തം ലേഖകൻ**



ലിന്റ മാതാപിതാക്കളോടൊപ്പം ആഹ്ലാദം പങ്കിടുന്നു.

**തൊടുപുഴ●** ജീവിതം എന്ന അദ്ഭുതം എന്ന പുസ്തകമാണ് എന്റെ ജീവിതത്തിലെ താളുകൾ മാറ്റിമറിച്ചത്. പ്രശസ്ത ഓങ്കോളജിസ്റ്റ് ഡോ. വി.പി. ഗംഗാധരന്റെ പുസ്തകത്തിലെ ഓരോ വരികളും എന്റെ ജീവിതത്തിന് പുതിയ അർഥവും വെളിച്ചവും നൽകി– മെഡിക്കൽ പ്രവേശന പരീക്ഷയിൽ കേരളത്തിന്റെയും ഇടുക്കിയുടെയും അഭിമാനമായ ലിന്റ തോമസ് വിജയരഹസ്യത്തിന്റെ ചെപ്പുതുറന്നു. സഹോദരൻ അലൻ തോമസാണ് ഈ പുസ്തകം എനിക്കു സമ്മാനിച്ചത്. പ്ലസ് വണ്ണിനു പഠിക്കുമ്പോഴായിരുന്നു അത്. അർബുദം ബാധിച്ച്, പതറാതെ ജീവിതത്തിന്റെ നൂൽപ്പാലത്തിലൂടെ രോഗത്തെ കീഴടക്കി ജീവിതത്തിലേക്കു തിരിച്ചെത്തുന്ന വിജയികളും സാന്ത്വനത്തിന്റെ കരുതലോടെ രോഗികളെ കൂട്ടുകാരാക്കുന്ന ഡോക്ടറും എന്റെ മനസ്സിനെ തൊട്ടെടുത്തു. ഡോക്ടറുടെ ജീവിതവും കർമവും എന്താണെന്ന് ആ വരികൾ എന്നെ പഠിപ്പിച്ചു. എന്റെ മനസ്സിൽ ഡോക്ടറാകണമെന്ന മോഹത്തിന് അടിവരയിട്ടതും ആ പുസ്തകമായിരുന്നു.

രാത്രി പത്തു വരെ പഠിക്കും. എല്ലാ ദിവസവും രാവിലെ നാലു മണിക്ക് ഞാൻ ഉണർന്നിരിക്കും– ലിന്റ പറയുന്നു. കോട്ടയം മെഡിക്കൽ കോളജിൽ ഹൗസ് സർജൻസി ചെയ്യുന്ന സഹോദരൻ അലൻ തോമസാണ് ലക്ഷ്യത്തിലേക്കുള്ള വഴിയിൽ ലിന്റയ്ക്ക് കരുത്തായത്. സംസ്ഥാന മെഡിക്കൽ പ്രവേശന പരീക്ഷയിൽ അലന് 14-ാം റാങ്കുണ്ടായിരുന്നു.

ഇക്കഴിഞ്ഞ ഹയർസെക്കൻഡറി പരീക്ഷയിൽ 97% മാർക്ക് നേടി വിജയവഴിയിലെത്തിയ ഈ കട്ടപ്പന സ്വദേശി കാഞ്ഞിരപ്പള്ളി ആനക്കൽ സെന്റ് ആന്റണീസ് പബ്ലിക് സ്കൂളിലെ പഠനത്തിനൊപ്പം മെഡിക്കൽ എൻട്രൻസ് കോച്ചിങ്ങിലും പങ്കെടുക്കുന്നുണ്ടായിരുന്നു. പത്രങ്ങളും ആനുകാലികങ്ങളും വായിക്കും. ആവശ്യമുള്ളവയുടെ കുറിപ്പെടുത്തു സൂക്ഷിക്കും. കോട്ടയം മെഡിക്കൽ കോളജിൽ ചേരാനാണ് താൽപര്യം. എല്ലാവർക്കും മധുരം നൽകാനും ഇടമുറിയാതെ എത്തുന്ന മൊബൈൽ വിളികൾക്ക് മറുപടി പറയാനും ഓടിനടക്കുകയാണ് ലിന്റ.



സംസ്ഥാന എൻജിനീയറിങ് എൻട്രൻസ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ആൽബിൻ ജോസ് ജോർജ് സഹോദരി അലീന, പിതാവ് ജോർജ് വർഗീസ്, അമ്മ മേരി എന്നിവർക്കൊപ്പം.

# പഠിക്കുക; മൂഡുള്ളപ്പോൾ മാത്രം

**എൽമ വർഗീസ്**
**(എസ്ടി – ഒന്നാം റാങ്ക്)**

മാങ്ങാനത്തെ സ്കൂൾ ജംക്ഷനു സമീപമുള്ള പടിപ്പുരയ്ക്കൽ വീടിന്റെ പടി കടന്നു ചെല്ലുമ്പോൾ മഴ തകർത്തു പെയ്യുന്നുണ്ടായിരുന്നു. മുഖത്ത് റാങ്ക് ചിരിയുമായി എൽമയെത്തി.

ടൈംടേബിൾ അനുസരിച്ച് അലാറം വച്ചു പഠിക്കാനൊന്നും തന്നെക്കിട്ടില്ലെന്നു തുറന്നു പറഞ്ഞ എൽമ പക്ഷേ, പഠിക്കേണ്ട സമയങ്ങൾ കൃത്യമായി പ്രയോജനപ്പെടുത്തിയിരുന്നു. മൂഡുള്ളപ്പോൾ പഠിച്ചാൽ മതി. സംഗതികൾ ഈസിയാകും. 92% മാർക്കോടെ പ്ലസ് ടു പാസായ എൽമ അവസാന രണ്ടു വർഷം തകർത്തു പഠിച്ചു. എന്നാൽ കൂടുതൽ താൽപര്യം മെഡിസിനാണ്. കേരള മെഡിക്കൽ പ്രവേശന പരീക്ഷയിൽ മികച്ച വിജയം നേടിയതിനാൽ ആ വഴി പോകാനാണ് എൽമ തീരുമാനിച്ചിരിക്കുന്നത്.

പിതാവ് കുമരകം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോ. വർഗീസ് ഏബ്രഹാം വരാൻ വൈകിയതിനാൽ മാതാവും മെഡിക്കൽ കോളജിലെ അഡീ. പ്രഫസറുമായ ഡോ. എം.ഐ. സെലിന്റെയും സഹോദരനും എംബിബിഎസ് ഒന്നാം വർഷ വിദ്യാർഥിയുമായ എബിൻ വർഗീസിനുമൊപ്പം നിന്ന് ഒരു ചിരിപ്പടത്തിനു പോസ് ചെയ്തു എൽമ.

# Boys sweep engg entrance

Continued from P1

Sreehari is the son of G. Radhakrishna Pillai, technical officer at Navy Physical Oceanographic Laboratory, Kochi, and Dr R. Mini, Additional Director of Animal Husbandry. Sivaprasad is the son of Sudheer K. B., an engineer with the Soil Conservation Department, and Sona, an Assistant Executive Engineer with Kerala Water Authority. Sivaprasad was the top rank holder from the state in CBSE standard XII examinations.

The fourth rank holder Sanjay K. Sunny of Kottayam is the son of Sunny Joseph, a professor of K.E. College, Mannanam, and Lisamma Joseph of LIC divisional office, Kottayam. He was a student of St Antony's Higher Secondary School,Annakkal.


Fifth rank holder Pranav V. is the son of Venu Prasad, an engineer with ISRO, and Preethi of SBT. He was a student of Infant Jesus Central School, Kuravankonam.



Sanjay, Pranav, Kasyap



Arun, M. Nishad, Akhil



Shibin

The allotment process to medical courses, except MBBS and BDS, and engineering courses, including architecture, will begin on June 21.

Kasyap V. Karun of Kozhikode, Arun Varghese of Perumbavoor in Ernakulam district, Mohammed Nishad M. of Malappuram, Akhil Ashok of Thrissur and Shibin Hamza A. of Malappuram bagged the ranks from six to ten.

Aswin Rajeevan of Kannur and Nandu Sivadasan of Kochi bagged the first two ranks in the Scheduled Caste category and Elma Varghese of Kottayam and Rahul M. R. of Wayanad the first two ranks in the Scheduled Tribe category.

# Bosom buddies race to top in engineering entrance

KRISHNA KUMAR K.E. | DC
KOCHI, JUNE 18

They are friends but fiercely competitive when it comes to studies. Srihari R. and Sivaprasad S. were classmates at Bhavan's Varuna Vidyalaya, Thrikkakara. They were always together, studying and sharing notes and tips.

While Srihari was the state topper at the regional Mathematics Olympiad, his friend emerged the Chennai region topper in the CBSE Plus Two board examinations. When the results of the Kerala Engineering Entrance were announced on Tuesday, both the friends came out with flying colours with Srihari bagging the 2nd rank, a rank just above his close buddy."The school is indeed proud of its star students...they have brought us glory like never before. In the CBSE class X11 board exam, Srihari had scored centum in math, while Sivaprasad scored a perfect 100 in physics, chemistry and maths", said Principal Sunitha S.

"We used to have long sessions of combined study and I gained a lot from him. We're a gang of three and there always existed a healthy spirit of competition among us", said a beaming Srihari. He is the son of NPOL official G.Radhakrishna Pillai and Dr R.Mini, Assistant Project Officer, Animal Husbundary Department.

"You must be sincere in what you do. It was not my cup of tea to study long hours. I used to watch movies and play games...but when I studied, I made it a point not to postpone anything and always tried to understand the basics. I used to work out the maximum number of problems", Sivaprasad said.

## ALBIN GEORGE SCORES FIRST RANK

Boys have bagged the first 10 ranks in the Kerala engineering entrance examinations. Only seven girls find a place in the first 100 ranks. Albin Jose George of Kottayam, R Sreehari of Kochi and S Sivaprasad of Kodungalloor of Thrissur district obtained the first, second andthird ranks . Albin, who completed his schooling from Kendriya Vidyalayala, Kottayam, is the son of George Varghese, an employee of KSDP, Alappuzha, and Mary VJ, an employee of the Rubber Board. ■ Continued on P4



(From left) Albin J. George, R Sreehari and S. Sivaprasad

# ആർക്കും പറ്റും; മനസ്സിരുത്തി പഠിച്ചാൽ

**ആൽബിൻ ജോസ് ജോർജ്**

**(ഒന്നാം റാങ്ക്)**

കൊച്ചി സർവകലാശാലാ പ്രവേശന പരീക്ഷയുടെ ഒന്നാം റാങ്കിനു പിന്നാലെയാണു എൻട്രൻസ് പരീക്ഷയുടെ ഒന്നാം പട്ടം ആൽബിനെ തേടിയെത്തിയത്. അത്യാവശ്യം നന്നായി പഠിച്ചാൽ ആർക്കും സാധിക്കാവുന്ന ഒരു കാര്യമാണിതെന്നു പറയുന്നു ആൽബിൻ. അത്ഭുതങ്ങൾ ഒന്നും കാണിക്കേണ്ട. മനസ്സിരുത്തി ഏകാഗ്രമായി പഠിക്കുക. അവസാന മൂന്നു മാസങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ഐഐടി പ്രവേശനത്തിനുള്ള ഫലം പുറത്തുവരുന്നതു കാത്തിരിക്കുകയാണ് ആൽബിനും കുടുംബവും. നല്ല റാങ്ക് തന്നെ കിട്ടുമെന്നാണു പ്രതീക്ഷ.

ഞങ്ങൾ കോട്ടയം മുള്ളൻകുഴിയിലെ കോതവഴിക്കൽ വീട്ടിലെത്തുമ്പോൾ ഒരു ചെറിയ യാത്രയ്ക്കുള്ള ഒരുക്കത്തിലായിരുന്നു കുടുംബം.

യാത്രയ്ക്കു മുൻപ് അച്ഛൻ ചേർത്തല ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽ ഉദ്യോഗസ്ഥൻ ജോർജ് വർഗീസ്, അമ്മ റബർ ബോർഡ് ഉദ്യോഗസ്ഥ മേരി, ബിരുദ വിദ്യാർഥിനിയായ സഹോദരി അലീന എന്നിവർക്കും വീട്ടിലെ വളർത്തു പൂച്ച ചിക്കുവിനും ഒപ്പം ഒരു ക്ലിക്ക്.